## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2365 23.1.2014- ലെ മറുപടിക്ക്

### ചെറുകിട കച്ചവടസ്ഥാപനങ്ങളിലൂടെയുള്ള വിൽപ്പന

| ചോദ്യം<br>ശ്രീ. കെ. എം. ഷാജി | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ചെറുകിട കച്ചവടസ്ഥാപനങ്ങളിലൂടെ പാസ്റ്റുറൈസിലാക്കിയ രാസവസ്തുക്കൾ ചേർത്ത ഭക്ഷ്യവസ്തുക്കൾ, ആരോഗ്യവർദ്ധക വസ്തുക്കൾ എന്നിവ വ്യാപകമായി വിറ്റഴിക്കുന്നതായി ശ്രദ്ധിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. ഇത്തരം ഉല്പന്നങ്ങൾ കണ്ടെത്തുന്നതിന് ഫുഡ് സേഫ്റ്റി കമ്മീഷണർ സംസ്ഥാന വ്യാപകമായി പരിശോധന നടത്തുന്നുണ്ട്. |
| (ബി) ഇത്തരം വസ്തുക്കൾ വില്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ; | (ബി) കേരള മൂല്യവർദ്ധിത നികുതിനിയമത്തിൻ കീഴിൽ ഭക്ഷ്യവസ്തുക്കൾക്ക് പൊതുവെ അഞ്ച് ശതമാനമാണ് നികുതി നിരക്ക്. 1999-ലെ ട്രേഡ്മാർക്ക്സ് നിയമപ്രകാരം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്ത് വിൽക്കുന്നവയ്ക്ക് 14.5 ശതമാനവും അല്ലാത്തവയ്ക്ക് അഞ്ച് ശതമാനവും നിരക്കാണ് ബാധകമാവുക. അവശ്യവസ്തുക്കളായ ഭക്ഷ്യഎണ്ണ, പയർ വർഗ്ഗങ്ങൾ, ധാന്യപ്പൊടികൾ, മൈദ, സൂജി, മുളക്, മല്ലി എന്നിവയുടെ നികുതിനിരക്ക് ഒരു ശതമാനവും, അരി, മുട്ട, പാൽ, മത്സ്യം, പച്ചക്കറികൾ എന്നിവ നികുതിവിമുക്തവുമാണ്. |
| (സി) നികുതി വെട്ടിച്ചുള്ള പ്രസ്തുത വില്പന തടയാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (സി) നികുതി വെട്ടിച്ചുള്ള പ്രസ്തുത വില്പന തടയുവാൻ വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം കടപരിശോധനകളും വാഹന പരിശോധനകളും നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തിയാൽ ഉടൻതന്നെ അവശ്യനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ചെക്ക് പോസ്റ്റുകളിലൂടെയുള്ള വാഹന നിരീക്ഷണവും വകുപ്പ് ശക്തമാക്കിയിട്ടുണ്ട്. ഇതുകൂടാതെ, നികുതി നിർണ്ണയാധികാരികളും വ്യാപാരികളുടെ കണക്കുപരിശോധന നടത്തി അവശ്യനടപടികൾ സ്വീകരിക്കാറുണ്ട് |

സെക്ഷൻ ഓഫീസർ